# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.145/PR/PIC/PHQ/14 Date : 30.06.2014

## പോലീസ് ഉദ്യോഗസ്ഥരുടെ വ്യായാമ പരിശീലനം ബറ്റാലിയനുകളിലും ജില്ലാ സായുധ റിസര്‍വുകളിലും ഇന്നു (1/7/2014) മുതല്‍ ആരംഭിക്കും

പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുന്നതിനും ജോലിയുടെ സ്വഭാവം മൂലമുള്ള മാനസിക സമ്മര്‍ദ്ദം ലഘൂകരിക്കുന്നതിനുമായി ആവിഷ്കരിച്ച വ്യായാമ പരിശീലനവും യോഗാഭ്യാസവും ബറ്റാലിയനുകളിലും ജില്ലാ ആംഡ് റിസര്‍വ് ക്യാമ്പുകളിലും ഇന്നുമുതല്‍ (1/7/2014) എല്ലാ ആഴ്ചയിലും ചൊവ്വ, വ്യാഴം ദിവസങ്ങളില്‍ രാവിലെ 7 മുതല്‍ 7.45 മണിവരെയാണ് ശാരീരികവ്യായാമവും യോഗാഭ്യാസവും ഉള്‍പ്പെടുത്തിയ പരിശീലനം നിര്‍ദ്ദേശിച്ചിട്ടുള്ളത്. 50 വയസ്സുവരെയുള്ള പോലീസ് ഉദ്യോഗസ്ഥരാണ് ഇതില്‍ പങ്കെടുക്കേണ്ടത്. 50 വയസ്സിന് മുകളിലുള്ളവര്‍ക്കും താത്പര്യമുണ്ടെങ്കില്‍ പങ്കെടുക്കാം. പരിശീലനത്തിന് മുന്‍പ് ആവശ്യമായ വൈദ്യപരിശോധനകള്‍ പൂര്‍ത്തിയാക്കണം.

ലോക്കല്‍ പോലീസ് ഉദ്യോഗസ്ഥര്‍ക്ക് വൈദ്യപരിശോധനാ നടപടികള്‍ പൂര്‍ത്തിയാകാത്തതിനാല്‍ വ്യായാമ പരിശീലനം ആഗസ്റ്റ് ആദ്യവാരത്തിലേക്ക് മാറ്റിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥര്‍ക്ക് ജോലിയുടെ സ്വഭാവവും അതിനെ തുടര്‍ന്നുള്ള മാനസിക സമ്മര്‍ദ്ദവും മൂലം ആരോഗ്യകാര്യങ്ങളില്‍ ശ്രദ്ധിക്കാന്‍ സാധിക്കാതെ വരികയും തന്മൂലം അനുബന്ധരോഗങ്ങള്‍ക്ക് അടിമപ്പെടുകയും ചെയ്യുന്നതായുള്ള വിലയിരുത്തലുകളെ തുടര്‍ന്നാണ് ഇത്തരമൊരു പദ്ധതി ആവിഷ്ക്കരിച്ചത്.